"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 26-09-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്-തേൻഗ്രാമം പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.2319/2019/LSGD തീയതി,തിരുവനന്തപുരം, 21/10/2019

---

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2019 ലെ കത്ത്

2 26.09.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.4(4.52)-ാം നമ്പർ തീരുമാനം

## ഉത്തരവ്

വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് 2017-18-ൽ നടപ്പാക്കിയ തേൻഗ്രാമം പദ്ധതിയുടെ തുടർച്ചയായി തേനീച്ച കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പ് വർഷം ആവിഷ്കരിച്ച തേൻഗ്രാമം പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചതിനെത്തുടർന്ന് സംസ്ഥാനതല കോഓർഡിനേഷൻ സമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി. 2017-18-ൽ ഈ പ്രോജക്ട് നടപ്പാക്കിയതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും 29.08.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം തീരുമാനിച്ചിരുന്നു. മുൻ വർഷം ഇത് മികച്ച രീതിയിലാണ് നടപ്പാക്കിയതെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചതനുസരിച്ച് ഗ്രൂപ്പ് മുഖേന നടപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ പദ്ധതിയ്ക്ക് അനുമതി നൽകാൻ പരാമർശം (2) പ്രകാരം കോഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷം ആവിഷ്കരിച്ച പ്രോജക്ട് നം. 27/2020 തേൻ ഗ്രാമം (ജനറൽ) പദ്ധതിയ്ക്ക് 19,80,000/- രൂപ അടങ്കലിൽ (വികസനഫണ്ട് 18,00,000/ രൂപ, ഗുണഭോക്തൃവിഹിതം 1,80,000/- രൂപ) ഗ്രൂപ്പ് മുഖേന നടപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്,തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2019.[illegible] 15:05:17 IST
Reason: Approved

സെക്ഷൻ ഓഫീസർ